# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 523

## 24.01.2018-ലെ മറുപടിക്ക്

## പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>(ബഹു.എം.എൽ.എ) | | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ) |
| (എ) | പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം ഡി.പി.ആർ തയ്യാറാക്കാൻ INKEL (ഇൻകെൽ)-നെ ചുമതലപ്പെടുത്തിയോ; എങ്കിൽ അതിന്റെ തുടർപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഇൻകെൽ ഡി.പി.ആർ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കെട്ടിടങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ ഇൻകെൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് TS അനുമതി ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിൽ പരിഗണിക്കുവാൻ സമർപ്പിച്ച പയ്യന്നൂർ സബ്ട്രഷറി കെട്ടിടം സംബന്ധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഡി.പി.ആർ പരിശോധിച്ച് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | |
| (സി) | സബ്ട്രഷറി കെട്ടിടനിർമ്മാണത്തിന് ഏത് വിഭാഗത്തിൽ നിന്നാണ് ഫണ്ട് നീക്കിവച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി (TIDP)' 2054-00-095-96 - അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.റ്റി.എം-ഉം സെൻട്രൽ സെർവർ സംവിധാനം നടപ്പിലാക്കലും (പ്ലാൻ)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നുമാണ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി തുക ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ